# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:29.11.2024**

### പ്രധാനവാർത്തകൾ

1). **ശീതകാല സമ്മേളനത്തിന്‍റെ നാലാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.**

2) **സാമൂഹ്യസുരക്ഷാ പെൻഷൻ ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.**

3) **കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിൽ ഭൂഉടമകളുടെ ആശങ്ക പരിശോധിക്കാമെന്ന് കേന്ദ്രസർക്കാർ ഉറപ്പ് നൽകിയതായി മന്ത്രി ജെ ചിഞ്ചുറാണി.**

4) **ശിവഗിരി മഠം വത്തിക്കാനിൽ സംഘടിപ്പിക്കുന്ന ലോക സർവമത സമ്മേളനത്തിന് ഇന്ന് തുടക്കം.**

5) **തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലെ അതിതീവ്ര ന്യൂനമർദ്ദം ചുഴലിക്കാറ്റായി ശക്തി പ്രാപിച്ചു. പുതുച്ചേരിക്ക് സമീപം നാളെ ഉച്ചയോടെ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

6) **സയ്യിദ് മുഷ്താഖ് അലി ട്രോഫി ട്വൻറി-20 ക്രിക്കറ്റ് മത്സരത്തിൽ കേരളത്തിന് അട്ടിമറി വിജയം.**

PNU TVPM

## പാർലമെൻറ്

ശീതകാല സമ്മേളനത്തിൻറെ നാലാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണവും, മറ്റ് വിഷയങ്ങളും ഉയർത്തി ആയിരുന്നു പ്രതിപക്ഷ പ്രതിഷേധം. രാജ്യസഭയിൽ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ നിരാകരിച്ചു. തുടർന്ന് സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭയിലും സമാനമായ പ്രതിഷേധമാണ് അരങ്ങേറിയത്. കോൺഗ്രസ് ഡിഎംകെ സമാജ് വാദി ഉൾപ്പെടെയുള്ള പ്രതിപക്ഷ കക്ഷികൾ മുദ്രാവാക്യങ്ങളുമായി സഭയുടെ നടുത്തളത്തിലിറങ്ങി. തുടർന്ന് 12 മണി വരെ നിർത്തി വച്ച നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നതിനാൽ സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഇരു സഭകളും തിങ്കളാഴ്ച വീണ്ടും സമ്മേളിക്കും.

R I UTVPM

******************************************************************************************

## മുഖ്യമന്ത്രി

സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ സംവിധാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ, മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം. പ്രായമായവർ, രോഗത്തിൻറെ ഭാഗമായി കിടപ്പിലായവർ എന്നിവരെ ഒരുതരത്തിലുള്ള ഭേദങ്ങളുമില്ലാതെ ഉൾക്കൊള്ളുന്ന പദ്ധതിയാണ് നടപ്പാക്കുകയെന്ന് മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പാണ് പദ്ധതിക്ക് നേതൃത്വം വഹിക്കുക. ആരോഗ്യം, സാമൂഹ്യനീതി വകുപ്പുകളുടെ സഹായം ഉറപ്പിക്കും. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള ആരും ഒഴിവാകാൻ പാടില്ലെന്നും എപിഎൽ, ബിപിഎൽ വ്യത്യാസം ഉണ്ടാവരുതെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

******************************************************************************************

## സാമൂഹ്യസുരക്ഷ പെൻഷൻ

സാമൂഹ്യസുരക്ഷാ പെൻഷൻ ക്രമക്കേടുകളിൽ കൂടുതൽ നടപടികളുമായി സംസ്ഥാന സർക്കാർ. മലപ്പുറം കോട്ടക്കൽ നഗരസഭയിൽ തട്ടിപ്പിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ധനമന്ത്രി കെ എൻ ബാലഗോപാൽ നിർദേശം നൽകി. ഏഴാം വാർഡിലെ 42 ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച പരിശോധനയിൽ 38 പേരും അനർഹരാണെന്ന് കണ്ടെത്തിയിരുന്നു.

******************************************************************************************************

## ജെ ചിഞ്ചുറാണി

കൊല്ലം - ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിൽ ഭൂഉടമകളുടെ ആശങ്ക പരിശോധിക്കാമെന്ന് കേന്ദ്രസർക്കാർ ഉറപ്പ് നൽകിയതായി മന്ത്രി ജെ ചിഞ്ചുറാണി. ഭൂമിയുടെ ഉടമസ്ഥർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേന്ദ്ര സഹമന്ത്രി ഹർഷ് മൽഗോത്രയുമായി ചർച്ച നടത്തിയതായി മന്ത്രി പറഞ്ഞു. ഭൂഉടമകൾക്ക് അർഹമായ മൂല്യം നൽകണമെന്ന് ആവശ്യപ്പെട്ടതായും, വിഷയത്തെകുറിച്ച് പഠിച്ചതിന് ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് കേന്ദ്ര സഹമന്ത്രി ഉറപ്പുനൽകിയതായും ശ്രീമതി ചിഞ്ചുറാണി അറിയിച്ചു.

RNU TVPM

******************************************************************************************************

## ഒ.ആർ കേളു ഇൻട്രോ

യുവജനങ്ങൾ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി മുന്നേറണമെന്ന് മന്ത്രി ഒ ആർ കേളു. പട്ടികജാതി-പട്ടിക വർഗ വിഭാഗക്കാരായ എഞ്ചിനീയറിങ്ങ്, പോളിടെക്നിക് ബിരുദധാരികൾക്കായി സംഘടിപ്പിച്ച തൊഴിൽമേള എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മത്സരാധിഷ്ഠിത തൊഴിൽ മേഖലയിൽ അഭ്യസ്തവിദ്യർ പിന്നാക്കം പോകാതിരിക്കാനുള്ള

പരിശ്രമമാണ് തൊഴിൽമേളയിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

**(ഹോൾഡ്.......)**

*************************************************************************************************************

**<u>ശിവഗിരി</u>**

ശിവഗിരി മഠം വത്തിക്കാനിൽ സംഘടിപ്പിക്കുന്ന ലോക സർവമത സമ്മേളനത്തിന് ഇന്ന് തുടക്കം. ശ്രീനാരായണ ഗുരു ആലുവയിൽ 100 വർഷം മുമ്പ് സംഘടിപ്പിച്ച സർവമത സമ്മേളനത്തിൻറെ ശതാബ്ദിയോട് അനുബന്ധിച്ചാണ് പരിപാടി. ഫ്രാൻസിസ് മാർപ്പാപ്പ നാളെ സമ്മേളനത്തിൽ ആശീർവാദ പ്രഭാഷണം നടത്തും. 15 രാജ്യങ്ങളിൽ നിന്നും വിവിധ മതങ്ങളെ പ്രതിനിധീകരിക്കുന്നവർ സമ്മേളനത്തിൻറെ ഭാഗമാകും.

*************************************************************************************************************

**<u>പത്തനംതിട്ട, ശബരിമല - (ഇൻട്രോ)</u>**

മണ്ഡലകാലം ആരംഭിച്ച് 14 ദിവസം പിന്നിടുമ്പോൾ, കഴിഞ്ഞ വർഷത്തെക്കാൾ തിരക്ക് വർധിച്ചിട്ടും സുഗമമായ ദർശനം ഉറപ്പാക്കാനായത് നേട്ടമാണെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ് പ്രശാന്ത്. പത്ത് ലക്ഷത്തിലധികം അയ്യപ്പ ഭക്തർ സീസൺ ആരംഭിച്ചതിനു ശേഷം ശബരിമലയിലെത്തിയതായും അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

**(വോയിസ്.......)**

*************************************************************************************************************

RNUTVPM

**<u>പ്രിയങ്ക - വയനാട്</u>**

വയനാട് എം.പി. പ്രിയങ്ക ഗാന്ധി ഉപതിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം ആദ്യമായി നാളെ വയനാട് മണ്ഡലത്തിലെത്തും. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയ്ക്കൊപ്പം തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പൊതുസമ്മേളത്തിൽ പ്രിയങ്ക പങ്കെടുക്കും. കരുളായി, വണ്ടൂർ, എടവണ്ണ എന്നിവിടങ്ങളിലും മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും എം.പിയ്ക്ക് സ്വീകരണം നൽകും.

---

**<u>എം.വി ഗോവിന്ദൻ</u>**

സർവകലാശാലാ വിഷയത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് എതിരെ രൂക്ഷവിമർശനവുമായി സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. ഹൈക്കോടതി വിധിയെയും, ഭരണഘടനാപരമായ നടപടിക്രമങ്ങളെയും വെല്ലുവിളിക്കുകയാണ് ഗവർണറെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വിമർശിച്ചു.

RNU TVPM

---

**<u>കെ സുരേന്ദ്രൻ</u>**

കേരളത്തിൽ റെയിൽവേ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് മുഖ്യമന്ത്രി പിണറായി വിജയന് കത്തയച്ചിട്ട് രണ്ട് ദിവസമായിട്ടും മുഖ്യമന്ത്രി പ്രതികരിക്കാത്തത് പ്രതിഷേധാർഹമാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. ആവശ്യമായ ഭൂമി ഏറ്റെടുക്കാത്തതിനാൽ സംസ്ഥാനത്തെ മിക്ക റെയിൽവേ പദ്ധതികളും മുന്നോട്ടുപോകുന്നില്ലെന്നും മന്ത്രി കത്തിൽ ചൂണ്ടിക്കാണിച്ചത് ഗൗരവതരമാണ്. കേരളത്തിലെ റെയിൽവെ പദ്ധതികളുടെ

സ്തംഭനാവസ്ഥയ്ക്ക് കാരണം സംസ്ഥാന സർക്കാരാണെന്നും ശ്രീ കെ. സുരേന്ദ്രൻ ആരോപിച്ചു.

**********************************************************************************************************************************************

## ചുഴലിക്കാറ്റ്

തമിഴ്നാടിന് സമീപം, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലെ അതിതീവ്ര ന്യൂനമർദ്ദം ഇന്ന് ഉച്ചയോടെ ചുഴലിക്കാറ്റായി ശക്തി പ്രാപിച്ചു. പുതുച്ചേരിക്ക് സമീപം മഹാബലിപുരത്തിനും, കാരയ്ക്കലിനുമിടയിൽ നാളെ ഉച്ചയോടെ ഫെൻജൽ ചുഴലിക്കാറ്റ് കരയിൽ പ്രവേശിക്കുമെന്ന് കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് തമിഴ്നാട്ടിലെ 9 ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 2,200-ലേറെ ദുരിതാശ്വാസ ക്യാമ്പുകൾ മേഖലയിൽ സജ്ജീകരിച്ചിട്ടുണ്ട്. മണിക്കൂറിൽ 70 മുതൽ 80 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാനുള്ള സാധ്യത പരിഗണിച്ച് ജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്നാണ് മുന്നറിയിപ്പ്.

PNCTVPM

**********************************************************************************************************************************************

## കേന്ദ്ര കാലാവസ്ഥാ വകുപ്പ്

കേരളത്തിൽ അടുത്ത 5 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തെക്കൻ കേരള തീരത്ത് നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**********************************************************************************************************************************************

## ബംഗളൂരു കൊലപാതകം

ബംഗളൂരുവിലെ അപ്പാർട്ട്മെൻറിൽ അസം സ്വദേശിയായ വ്ളോഗർ മായ ഗൊഗോയിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി കണ്ണൂർ തോട്ടട സ്വദേശി ആരവ് ഹനോയിയെ പോലീസ് അറസ്റ്റ് ചെയ്തു. കർണ്ണാടക പോലീസ് ഉത്തരേന്ത്യയിൽ നിന്നാണ് ഇയാളെ പിടികൂടിയത്.

**********************************************************************************************************************************************

**<u>മലപ്പുറം-തട്ടിയെടുത്തു</u>**

മലപ്പുറത്ത് ജ്വല്ലറി ഉടമകളെ ആക്രമിച്ച് സ്വർണം തട്ടിയ കേസിലെ പ്രതികളിൽ നിന്ന് 1.723 കിലോഗ്രാം സ്വർണവും <u>32,79,500 രൂപയും</u> കണ്ടെടുത്തതായി പൊലീസ്. മൂന്നര കിലോയോളം സ്വർണമാണ് പ്രതികൾ തട്ടിയെടുത്തത്. സ്വർണം ഉരുക്കി 7 കട്ടികളാക്കിയ നിലയിലായിരുന്നു.

****************************************************************************************************

**<u>സ്വർണ്ണം കണ്ടെത്തി -പാലക്കാട്</u>**

ഒറ്റപ്പാലം ത്രാങ്ങാലിയിൽ മോഷണം പോയെന്ന് കരുതിയ സ്വർണം വീട്ടിൽ നിന്ന് കണ്ടെത്തി. 63 പവൻ സ്വർണവും ഒരു ലക്ഷം രൂപയും കാണാതായ കേസിലാണ് വീട്ടിലെ കിടപ്പുമുറിയിലെ അലമാരയിൽ നിന്ന് സ്വർണം കണ്ടെത്തിയത്. അതേസമയം, ഒരുലക്ഷം രൂപയും വിലപിടിപ്പുള്ള വാച്ചും മോഷണം പോയതായി പോലീസ് സ്ഥിരീകരിച്ചു.

RNC TVPM

****************************************************************************************************

**<u>നോർക്ക</u>**

യു.എ.ഇയിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് അമിത നിരക്ക് ഈടാക്കുന്ന ഏജൻറുമാർക്കെതിരേ ജാഗ്രത പാലിക്കണമെന്ന് ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ്. ഏജൻറുമാരുടെ ചൂഷണം സംബന്ധിച്ച് നിരവധി പരാതികൾ കോൺസുലേറ്റിന് ലഭിച്ച സാഹചര്യത്തിലാണ് മുന്നറിയിപ്പ്. കോൺസുലേറ്റ് അംഗീകരിച്ച നിരക്കുകൾ മാത്രമേ ഇക്കാര്യത്തിൽ ഏജൻറുമാർ ഈടാക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

****************************************************************************************************

**<u>സയ്യിദ് മുഷ്താഖ് അലി ട്രോഫി</u>**

സയ്യിദ് മുഷ്താഖ് അലി ട്രോഫി ട്വൻറി-20 ക്രിക്കറ്റ് മത്സരത്തിൽ കേരളത്തിന് അട്ടിമറി വിജയം. കരുത്തരായ മുംബൈയെ 43 റൺസിനാണ് സഞ്ജു സാംസണിൻറെ നേതൃത്വത്തിലുള്ള കേരളം

പരാജയപ്പെടുത്തിയത്. കേരളം ഉയർത്തിയ 235 റൺസിൻറെ വിജയലക്ഷ്യം പിന്തുടർന്ന മുംബൈയ്ക്ക് നിശ്ചിത 20 ഓവറിൽ 9 വിക്കറ്റിന് 191 റൺസ് നേടാനേ കഴിഞ്ഞുള്ളൂ.

*****************************************************************************************************************

**ഐ.എസ്.എൽ**

I S L ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.
ഇന്നലെ നടന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് - എഫ് സി ഗോവയോട് ഒരു ഗോളിന് പരാജയപ്പെട്ടു.

*****************************************************************************************************************

**ഓഹരി+ സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നേട്ടം.
ബോംബൈ ഓഹരി സൂചിക സെൻസക്സ് 759 പോയിൻറ് നേട്ടത്തിൽ 79,803- ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി
217 പോയിൻറ് നേട്ടത്തിൽ 24,131-ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണ വില കൂടി. ഗ്രാമിന് 70 രൂപ ഉയർന്ന്
7,160 രൂപയും പവന് 57,280 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

*****************************************************************************************************************

***********************************